# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 190 08.03.2017- ൽ മറുപടിക്ക്**

## സ്പിന്നിംഗ് മില്ലുകൾ നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.സി.ദിവാകരൻ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീമതി.ഗീതാ ഗോപി**<br>**ശ്രീ.കെ.രാജൻ** | **ശ്രീ.എ.സി.മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾ നേരിടുന്ന പ്രതിസന്ധിയുടെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ കയറ്റുമതി-ഇറക്കുമതി പോളിസിയുടെ ദുരന്തഫലം, ആഭ്യന്തര ഉപയോഗം കണക്കിലെടുക്കാതെയുള്ള കോട്ടൺ കയറ്റുമതി, ബ്രാന്റ് വസ്തുങ്ങളുടെ അമിതമായ എക്സൈസ് തീരുവ, കേന്ദ്ര സർക്കാരിന്റെ നോട്ട് അസാധുവാക്കൽ, ഭീമമായ വൈദ്യുതി ബിൽ കുടിശ്ശികയും ഇതര സ്റ്റാറ്റ്യൂട്ടറി ഡ്യൂസുകളും, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം കോട്ടൺ വാങ്ങാൻ സാധിക്കാതെ വരിക, മില്ലുകളിലെ കൂടിയ പ്രൊഡക്ഷൻ കോസ്റ്റ്, കുറഞ്ഞ ലേബർ പ്രൊഡക്റ്റിവിറ്റി, കുറഞ്ഞ മെഷീൻ പ്രൊഡക്റ്റിവിറ്റി എന്നിവയാണ് സ്പിന്നിംഗ് മില്ലുകൾ പ്രതിസന്ധിയിലാകുന്നതിന്റെ പ്രധാന കാരണങ്ങൾ.<br><br>മില്ലുകളിലെ മെഷീനറികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അഭാവവും കാരണം ഉൽപ്പാദനക്ഷമത കുറയുകയും ഗുണമേന്മയുള്ള നൂൽ മാർക്കറ്റിൽ ലഭ്യമാക്കാൻ സാധിക്കാതെയും വരുന്നു. തന്മൂലം മാർക്കറ്റിൽ ഉദ്ദേശിച്ച വില ലഭിക്കുന്നില്ല. കോട്ടൺ വാങ്ങുമ്പോഴും യാൺ വിൽക്കുമ്പോഴും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അധിക ചെലവായി വരുന്നുണ്ട്. |
| (ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നറിയിക്കുമോ; | (ബി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷനു കീഴിലുള്ള തൊഴിലാളികൾക്ക് 2016 സെപ്റ്റംബർ മുതൽ 2017 ജനുവരി മാസം വരെ ശമ്പളം/ ലേ-ഓഫ് വേതനം കുടിശ്ശികയായി. സർക്കാരിൽ നിന്നുമുള്ള ധനസഹായത്തെ തുടർന്ന് 2016 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ശമ്പളം/ലേ-ഓഫ് വേതനം ഉൾപ്പെടെയുള്ള തുകയുടെ 50% എന്നിവ നൽകുവാൻ നടപടിയെടുത്തിട്ടുണ്ട്. |

മില്ലുകൾ ലാഭത്തിലാക്കുന്നതിനായി ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽ ആധുനികവൽക്കരണ പ്രവർത്തന നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവയുടെ ആധുനിക വൽക്കരണ പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണത്തിനായി 57.39 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി അനുവദിച്ച 45.19 കോടി രൂപയിൽ 15 കോടി രൂപ സർക്കാർ മില്ലിന് നൽകിയിട്ടുണ്ട്. നവീകരണ പ്രവർത്തനത്തിലേക്കായി പുതിയ മെഷീനറികൾ വാങ്ങേണ്ടതും പഴയ മെഷീനറികൾ വിൽക്കേണ്ടതുമുണ്ട്. ആയതിന്റെ ഇ-ടെണ്ടർ നടപടികൾ പൂർത്തിയായി.

തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനിക വൽക്കരണത്തിനായി 29.97 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എൻ.സി.ഡി.സി അനുവദിച്ച തുകയിൽ 10 കോടി രൂപ സർക്കാർ മില്ലിന് നൽകിയിട്ടുണ്ട്. നവീകരണ പ്രവർത്തനത്തിലേക്കായി പുതിയ മെഷീനറികൾ വാങ്ങേണ്ടതും പഴയ മെഷീനറികൾ വിൽക്കേണ്ടതുമുണ്ട്. ആയതിന്റെ ഇ-ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തന ശേഷി 12,000 സ്പിന്റിൽ നിന്നും 25,000 സ്പിന്റിലായി ഉയർത്തുന്നതിനായി മില്ലിന്റെ 33.94 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

പൊതുമേഖലയിലും ടെക്സ്ഫെഡിന്റെയും കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി സർക്കാർ അടിയന്തിരമായി 08.02.2017 ൽ 15 കോടി രൂപ അനുവദിക്കുകയുണ്ടായി.

(സി) മില്ലുകൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വാങ്ങൽ സുതാര്യമാക്കുന്നതിനും ഏകീകരിക്കുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

(സി) പൊതുമേഖലയിലും സഹകരണമേഖലയിലും ഉള്ള മില്ലുകൾ സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി (സി.സി.പി.സി) സംവിധാനത്തിലൂടെയാണ് 2009 ജൂൺ മുതൽ കോട്ടൺ പർച്ചേസ് നടത്തിവരുന്നത്.

കേരളത്തിലെ സഹകരണ, പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളിലേക്കുള്ള അസംസ്കൃതവസ്തുക്കളുടെ വാങ്ങൽ ഏകീകരിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി പുന:സംഘടിപ്പിക്കുകയും സുതാര്യമായ രീതിയിൽ കോട്ടൺ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി മുഖാന്തിരം മില്ലുകൾക്കാവശ്യമായ വ്യത്യസ്തമായ തരത്തിലുള്ള കോട്ടൺ വാങ്ങുന്നത് ഇ-ടെൻഡർ മുഖേനയാണ്. ഇ-ടെൻഡർ സംവിധാനത്തിൽ ആവശ്യമായ ടെൻഡറുകൾ വരുന്ന മുറയ്ക്ക് അതിന്റെ വില കമ്പോളവിലയുമായി താരതമ്യപ്പെടുത്തി, കുറഞ്ഞ വിലയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചവരുമായി വിലപേശൽ നടത്തിയതിനു ശേഷം മാത്രമാണ് ഓർഡർ കൊടുക്കുന്നത്. അങ്ങനെ കുറയ്ക്കുവാൻ പറ്റാത്ത സാഹചര്യത്തിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇൻഡ്യ (സി.സി.ഐ) ഇ-ടെൻഡറിൽ പങ്കെടുക്കുന്നില്ലെങ്കിലും അതാത് മില്ലുകൾക്ക് സി.സി.ഐയുടെ ഇ-ഓക്ഷനിൽ പങ്കെടുത്ത് മാത്രമേ പഞ്ഞി വാങ്ങുവാൻ കഴിയുകയുള്ളൂ. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ലാബിൽ പഞ്ഞിയുടെ ഗുണമേന്മ ടെസ്റ്റ് ചെയ്യുകയും ആയതിൽ വ്യത്യാസമുണ്ടെങ്കിൽ അതിലും വിലകുറച്ചാണ് വാങ്ങുകയും ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ